LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിൻമേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽനിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരവ് തീയതിക്ക് ശേഷം രണ്ട് മാസത്തെ കാലയളവ് നിശ്ചയിച്ചാണ് പദ്ധതിയാനുകൂല്യം ലഭ്യമാക്കുന്നതെന്നതിനാൽ അക്കാലയളവിന് ശേഷമാണ് ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാകുന്നതെങ്കിലും പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർക്ക് സാമൂഹ്യ പെൻഷൻ**

42 (1583) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ക്ഷേമപെൻഷൻ കൈപ്പറ്റുന്ന 34 ലക്ഷം പേരിൽ പകുതിയോളം പേർക്ക് മറ്റൊരു സാമൂഹ്യ പെൻഷൻകൂടി നൽകാൻ മുൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നോ;

(ബി) എങ്കിൽ ബജറ്റ് അവതരിപ്പിച്ചപ്പോൾ ഒരു പെൻഷൻ മാത്രമേ വാങ്ങാവൂ എന്ന് പറയുകയും പിന്നീട്, രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് പുതിയ നിരക്കിലുള്ള 1000 രൂപയും പഴയ നിരക്കിലെ 600 രൂപയും ഉൾപ്പെടെ 1,600 രൂപ വാങ്ങുന്നതിന് അനുമതി നൽകുകയുംചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻകാർക്ക് ബാധകമായിട്ടുള്ളത് ഏത് ഉത്തരവാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15-8-2016-ലെ G.O.(Ms.) No. 324/2016/Fin. ഉത്തരവ് പ്രകാരം നിലവിൽ രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് ഒരു പെൻഷൻ പുതുക്കിയ നിരക്കിലും രണ്ടാമത്തെ പെൻഷൻ പുതുക്കുന്നതിന് മുൻപുള്ള നിരക്കിലും കൈപ്പറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കും വികലാംഗ പെൻഷൻ വാങ്ങുന്നവർക്കും ഒരു സാമൂഹ്യ സുരക്ഷാ പെൻഷനുകൂടി (ടി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലൊന്നാണെങ്കിൽ അതിന്റെ കേന്ദ്രവിഹിതം മാത്രം) അർഹതയുണ്ടാകും എന്നും ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷന്റെ സഹകരണത്തോടുകൂടി പെൻഷൻ ഡേറ്റാബേസ് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച ശേഷം, പെൻഷൻ വിതരണം ക്രമപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർവ്വീസ് പെൻഷൻ വാങ്ങുന്നവർ പോലും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരായവരെ ഒഴിവാക്കുന്നതിനും പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2016 മേയ് മാസം വരെ കുടിശ്ശികയായിരുന്നു. വിതരണം അവതാളത്തിലുമായിരുന്നു. ഇത് പരിഹരിക്കാനുള്ള തീവ്രശ്രമമാണ് ഓണക്കാലത്ത് സർക്കാർ നടത്തിയിട്ടുള്ളത്. പെൻഷൻ കുടിശ്ശിക ഏതാണ്ട് പൂർണ്ണമായും തീർത്തിട്ടുണ്ട്. ഇനി കൃത്യസമയത്ത് പെൻഷൻ വിതരണം നടത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ലിസ്റ്റ് ക്രമപ്പെടുത്തി പെൻഷൻ വിതരണം കൃത്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

43 (1584) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ; വിവിധ ഏജൻസികളിൽനിന്നും വാങ്ങിയ കടങ്ങൾ ഉൾപ്പെടെ 31-8-2016 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം വികസന പ്രവർത്തനങ്ങളും സർക്കാരിന്റെ ദൈനംദിന കാര്യങ്ങളും മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;